# നെടുമ്പാശേരിയിൽ അടിമപ്പണി

**അശോകൻ പി.എ.**

മലയാളിയുടെ അഭിമാനമാണെന്ന് മലയാളികൾ കൊട്ടിഘോഷിച്ച നെടുമ്പാശേരി വിമാനത്താവളം കാണാനുള്ള അവസരമുണ്ടായി. നൂറുകണക്കിന് ഏക്കർ നെൽപാടങ്ങളും മറ്റു കൃഷിസ്ഥലങ്ങളും മണ്ണിട്ടുനികത്തി, ആയിരക്കണക്കിനു മനുഷ്യരെ സ്വന്തം കിടപ്പാടങ്ങളിൽനിന്ന് ആട്ടിയോടിച്ചിട്ടാണ് ഈ രമ്യഹർമ്യങ്ങൾ ഉയർത്തിയിട്ടുള്ളതെന്ന് ഈ വിമാനത്താവളം ഉപയോഗിച്ച് മറുനാട്ടിൽ പോയി ചോര നീരാക്കുന്ന ആരും ഓർക്കുന്നില്ല.

വിദേശ നിലവാരത്തിൽ തന്റെ നാട്ടിലും ഇത്തരം വിമാനത്താവളങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്ന് ഓരോ പ്രവാസിയും ഊറ്റംകൊള്ളുന്നുണ്ടാവാം. ഓരോ പ്രവാസിയും അവിടെ അനുഭവിക്കുന്ന അനാഥത്വം നെടുമ്പാശേരിയിലും അകപ്പറമ്പിലും കുടിയിറക്കപ്പെട്ട മനുഷ്യർ അനുഭവിക്കുന്നു.

ഗൾഫുരാജ്യങ്ങളിലെ നിലവാരത്തിൽ അന്താരാഷ്ട്ര വിമാനത്താവളം ഇപ്പോഴേ ഇവിടെ ഉണ്ടായിട്ടുള്ളു എന്നു വിശ്വസിക്കുന്ന ഒരു ബന്ധുവിനെ യാത്രയാക്കാനാണ് നെടുമ്പാശേരിയിലേക്കു പോയത്. വിശാലമായ പാർക്കിംഗ് ഏരിയകളും മാനംമുട്ടെ നില്ക്കുന്ന ലൈറ്റ് ടവറുകളും കേരളീയ വാസ്തുവിദ്യയുടെ കോൺക്രീറ്റ് പതിപ്പുകളും വളരെ കൗതുകംതന്നെ.

ആഗമന നിർഗമന കവാടങ്ങളിൽ യാത്രക്കാരുടെയും ബന്ധുക്കളുടെയും തിരക്ക്. അകത്തേക്ക് എത്തിനോക്കിയാൽ മിന്നിത്തിളങ്ങുന്ന തറയും ഭംഗിയോടെ നിർമിച്ചുവെച്ചിരിക്കുന്ന കമാനങ്ങളും, കൗണ്ടറുകളും, ആർഭാടവസ്തുക്കളും. വാതിൽ തുറക്കുമ്പോൾ ഒരു കുളിർതെന്നൽ അകത്തേക്കു കടന്നുവരുന്നു. ഈ കാഴ്ചയിൽ വീഴാത്ത ഒരു ശരാശരി മലയാളി ഉണ്ടാകുമോ?

എന്റെ ബന്ധുവിന് പുറപ്പെടാൻ കുറേ സമയമുള്ളതുകൊണ്ട് വിമാനത്താവളത്തിനു പുറത്ത് നോക്കിക്കാണാൻ ഇറങ്ങി.

ടെർമിനൽ കെട്ടിടത്തിനു കിഴക്കുഭാഗത്ത് റൺവേയുടെ മതിലിനോടു ചേർന്ന് നടക്കുമ്പോൾ വലതുഭാഗത്തായി കുറച്ചു കുടിലുകൾ കണ്ടു. ഓലക്കീറുകളും പ്ലാസ്റ്റിക് ചാക്കുകളുംകൊണ്ട് ഉണ്ടാക്കിയിട്ടുള്ളവ. വെള്ളം കെട്ടിനില്ക്കുന്ന ചാലുകൾക്ക് അരികിൽ പഴയ റോഡിന്റെ വശങ്ങളിലായി ഈ കുടിലുകൾ. മുഷിഞ്ഞ വസ്ത്രങ്ങൾ ധരിച്ച്, വിളറി മെലിഞ്ഞ കുറച്ചു മനുഷ്യർ. സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ളവർ എന്തോ നേരമ്പോക്കിനുള്ള കളിയിലേർപ്പെട്ടിരിക്കുകയാണ്. ഒരു കുടിലിനു മുന്നിൽ നിന്നിരുന്ന മനുഷ്യനോട് വിമാനത്താവളത്തിനുള്ളിൽ ഇങ്ങനെ കുടിലുകെട്ടി താമസിച്ചിരിക്കുന്നതെന്താണെന്നു ചോദിച്ചപ്പോൾ വിമാനത്താവള നിർമാണത്തിന് കൂലിവേലയ്ക്ക് തമിഴ്നാട്ടിൽനിന്നും കർണാടകത്തിൽനിന്നും കൊണ്ടുവന്നവരാണ് തങ്ങളെന്ന് പറഞ്ഞു. തമിഴ്നാട്ടിലെ തിരുവണ്ണാമലയിൽനിന്നു വന്നതാണ് ഈ മനുഷ്യനും കുടുംബവും. കൂടുതൽ പേരും ആ നാട്ടുകാർതന്നെ.

വിമാനത്താവള നിർമാണപ്രവർത്തനങ്ങളിലെ ദിവസക്കൂലി പണിക്കാരാണിവർ. കോൺട്രാക്ടർമാരാണ് ഇവരെ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ദിവസം കൂലി ആണുങ്ങൾക്ക് 60–75 രൂപയും പെണ്ണുങ്ങൾക്ക് 30–40 രൂപയും. വിമാനത്താവളത്തിനു പുറത്ത് ആ നാട്ടിൽതന്നെ ആണുങ്ങൾക്ക് 150–200 രൂപയും പെണ്ണുങ്ങൾക്ക് 75–125 രൂപയുമാണ് കൂലി. അപ്പോൾ എന്തിനാണ് ഇവരെ ഇങ്ങോട്ട് ഇറക്കുമതി ചെയ്തിരിക്കുന്നതെന്ന് ബോധ്യമായല്ലോ? വെള്ളം കെട്ടിനില്ക്കുന്ന ചാലുകൾക്കരികിലാണ് ഇവരുടെ തൊഴുത്തിനു സമാനമായ കുടിലുകൾ. കുടിവെള്ളത്തിനുള്ള കിണർ സ്ഥിതിചെയ്യുന്നത് അരകിലോമീറ്റർ കിഴക്ക് കോമ്പൗണ്ടിന്റെ അതിർത്തിയിലാണ്. മറ്റ് ആവശ്യങ്ങൾക്ക് ചാലുകളിലെ അഴുകിയ വെള്ളം ഉപയോഗിക്കുകയല്ലാതെ അവർക്ക് നിർവാഹമില്ല.

ആഴ്ചയിൽ രണ്ടോ, മൂന്നോ ദിവസം മാത്രമേ ഇവർക്ക് പണി കിട്ടാറുള്ളൂ. കോൺട്രാക്ടറുടെ സ്ഥിരം പണിക്കാർക്ക് കൊടുത്തതിനുശേഷമുള്ള പണികൾമാത്രമേ ഇവരെക്കൊണ്ട് എടുപ്പിക്കാറുള്ളൂ. ഇങ്ങനെ തുച്ഛമായി കിട്ടുന്ന കൂലികൊണ്ട് സ്ത്രീകളും കുട്ടികളുമടങ്ങുന്ന കുടുംബങ്ങൾ എങ്ങിനെയാണ് ജീവിക്കുന്നത്? ഇവർ വാങ്ങുന്ന അരിക്കും മറ്റു സാധനങ്ങൾക്കും മറ്റുള്ളവർ കൊടു

ശേഷം 5–ാം പേജിൽ

# നെടുമ്പാശ്ശേരിയിൽ അടിമപ്പണി

(മൂന്നാം പേജ് തുടർച്ച)

ക്കുന്ന അതേ വില ഇവരും കൊടുക്കണ്ടേ? കുട്ടികൾ വിശന്നു പൊരിയുമ്പോൾ [illegible] വരുടെ മുന്നിൽ കൈ നീട്ടി ചെല്ലുന്നു. അങ്ങിനെ ഇവരിൽ ചെറുപ്രായക്കാർ യാചകരായി മാറുന്നു. വിമാനത്താവളത്തിലെ ആർഭാടപൂർണമായ ചുറ്റുപാടിൽ ഈ കറുത്തിരുണ്ട കുട്ടികളെ ആൾക്കൂട്ടത്തിനിടയിൽ ഇപ്പോൾ ധാരാളം കാണാം.

ഇത്തരം അമ്പതോളം കുടിലുകൾ വിമാനത്താവളത്തിന്റെ കിഴക്ക്, പടിഞ്ഞാറ് ഭാഗങ്ങളിലായി സ്ഥിതിചെയ്യുന്നുണ്ട്. ഇതിലെ മനുഷ്യരുടെ ജീവിതത്തെക്കുറിച്ച്, അവർ വിമാനത്താവളത്തിനുവേണ്ടി സഹിക്കുന്ന ദുരിതങ്ങളെക്കുറിച്ച് വിമാനത്താവളം ഉപയോഗിക്കുന്ന വിദേശമലയാളികളോ, അഭിമാനത്താൽ അന്ധരായ നമ്മളോ അറിയുന്നില്ല. അവരുടെ വിശന്നുപൊരിയുന്ന കുട്ടികളുടെ കരച്ചിലിനുമേലാണ് നമ്മുടെ ദുരഭിമാനത്തിന്റെ യാനങ്ങൾ പറന്നിറങ്ങിക്കൊണ്ടിരിക്കുന്നത്. ഈ അടിമപ്പണിയുടെ പാപം ആരാണ് ഏല്ക്കേണ്ടത്? വിദേശമലയാളിയോ? സർക്കാരോ? നാമോ?